കരവാരം പഞ്ചായത്തിൽ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചവർ

1698 [2550] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കരവാരം പഞ്ചായത്തിൽ എത്ര പേർക്ക് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികൾ പ്രകാരം സ്ഥിരമായ തൊഴിൽ നൽകാൻ സംവിധാനമില്ല. സാമൂഹ്യ സ്വത്തുക്കളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ വിശദാംശങ്ങൾ മാത്രമാണ് സൂക്ഷിക്കാറുള്ളത്. അപ്രകാരം ഈ കാലയളവിൽ ഗ്രാമവികസന പദ്ധതി പ്രകാരം കരവാരം പഞ്ചായത്തിൽ 49,536 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു പുറമേ ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം 432 കുടുംബങ്ങൾക്ക് തൊഴിൽ ദാനം ചെയ്തിട്ടുണ്ട്.

കിളിമാനൂർ പഞ്ചായത്തിൽ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചവർ

1699 [2551] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കിളിമാനൂർ പഞ്ചായത്തിൽപ്പെട്ട എത്രപേർക്ക് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ ഗ്രാമവികസന പദ്ധതിപ്രകാരം തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികൾ പ്രകാരം സ്ഥിരമായി തൊഴിൽ നൽകാൻ സംവിധാനമില്ല. നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതിന്റെ കണക്കുകൾ മാത്രമാണ് സൂക്ഷിക്കാറുള്ളത്. അപ്രകാരം ഈ കാലയളവിൽ ഗ്രാമവികസന പദ്ധതി പ്രകാരം കിളിമാനൂർ പഞ്ചായത്തിൽ 1,44,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനും പുറമേ ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം 263 കുടുംബങ്ങൾക്ക് തൊഴിൽ ദാനം ചെയ്തിട്ടുണ്ട്.

ഭൂരഹിത ഗ്രാമീണർക്കുള്ള ഭവന നിർമ്മാണ പദ്ധതി

1700 [2553] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത ഗ്രാമീണർക്ക് ഭവന നിർമ്മാണ പദ്ധതിപ്രകാരം 1982 മേയ് മുതൽ 1986 സെപ്റ്റംബർ വരെ എത്ര വീടുകൾ നിർമ്മിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും നിർമ്മിച്ച വീടുകൾ എത്ര;

(സി) ഇതിൽ എത്ര വീടുകൾ വിതരണം ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 12,963.

(ബി)

1984–85		2045
1985–86		4802
1986–87	9/86 വരെ	6116
ആകെ		12963

(സി) വിവരം ശേഖരിച്ചുവരുന്നു.

പൊളിച്ചുമാറിയ ചെറപ്പുരകൾക്കു പകരം വീട്

1701 [2555] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാങ്ങോട് പഞ്ചായത്തിൽ വീടുകൾ കെട്ടിക്കൊടുക്കാമെന്ന് പറഞ്ഞ്, താമസിച്ചുകൊണ്ടിരുന്ന 656 ചെറപ്പുരകൾ പൊളിച്ചുമാറിയതിൽ എത്രപേർക്ക് പകരം വീടു വച്ചുകൊടുത്തു;

(ബി) ബാക്കിയുള്ളവർക്ക് ഇനി എന്നത്തേയ്ക്ക് വീടുവച്ചു കൊടുക്കാൻ കഴിയും;

(സി) ഇതിൽ വ്യാപകമായി അഴിമതി നടന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെതിരായി എന്തു നടപടി എടുത്തു;

(ഇ) 240 വീടുകളുടെ തുക നോമിനി എന്നു പറയുന്ന ഒരാൾ വാങ്ങിയെടുത്തതായും വീടുകൾ പണി പൂർത്തിയാക്കാതെ ഇട്ടിരിക്കുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) ഇതിൻമേൽ എന്തു നടപടി എടുത്തു;

(ജി) അടിയന്തിരമായി വിജിലൻസിനെക്കൊണ്ട് സമഗ്രമായ ഒരന്വേഷണം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) വീടുകൾ കെട്ടിക്കൊടുക്കാമെന്നു പറഞ്ഞ് താമസിച്ചു കൊണ്ടിരുന്ന ചെറപ്പുരകളൊന്നും തന്നെ ബ്ലോക്കിൽ നിന്നും പൊളിച്ചു മാറിയിട്ടില്ല. ടി പഞ്ചായത്തിൽ 1983–ൽ ആകെ അനുവദിച്ച 244 വീടുകളിൽ 74 എണ്ണത്തിന്റെ പണി പൂർത്തിയായി.

(ബി) 1983–ൽ അനുവദിച്ച 244 വീടുകളിൽ പൂർത്തിയായ 74 എണ്ണം കഴിച്ച് ബാക്കി വരുന്ന 170–ൽ അർഹതയില്ലെന്ന് കണ്ട് പണി നിർത്തിവച്ച 38–ഉം ഗുണഭോക്താക്കൾ സ്ഥലംവിട്ടുപോയ 2–ഉം ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ള 19–ഉം കഴിച്ച് (ആകെ 59) ബാക്കി വരുന്ന 111 വീടുകളുടെ പണി 1986 ഡിസംബറിനു മുൻപ് തീരുമെന്നു പ്രതീക്ഷിക്കുന്നു. കൂടാതെ ടി. പഞ്ചായത്തിൽ ഇക്കൊല്ലം പുതുതായി 40 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുവാദം ആർ.എൽ.ഇ.ജി.പി. യിലും 145 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുവാദം എൻ.ആർ.ഇ.പി. യിലും നൽകിയിട്ടുണ്ട്. അതിൽ 40 വീടുകളുടെ പണി ഗുണഭോക്താക്കൾ തന്നെ ഇതിനകം തുടങ്ങിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly